Break the chain
കൈവിടാതിരിക്കാം.. കൈ കഴുകാം..

# കേരളസർവകലാശാല

നം.പി.ആർ.226/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പുനർനിയമനം സംബന്ധിച്ച റിപ്പോർട്ട് അവാസ്തവം

കേരളസർവകലാശാലയുടെ പോപ്പുലേഷൻ റിസർച്ച് സെന്ററിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചിരിക്കുന്നുവെന്ന വാർത്ത അടിസ്ഥാനരഹിതമെന്ന് സർവകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു. പൂർണ്ണമായും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന സെന്ററാണിത്. ഇവിടുത്തെ ജീവനക്കാർ പെൻഷൻ ആനുകൂല്യം ഉള്ളവല്ല. ഈ സെന്ററിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച് സർവകലാശാലയോട് തീരുമാനം കൈക്കൊള്ളണമെന്ന് ബന്ധപ്പെട്ട വകുപ്പ് നിർദേശിച്ചിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ ജീവനക്കാർ സമർപ്പിച്ച അപേക്ഷയിലെ സിൻഡിക്കേറ്റ് ശുപാർശ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് അയക്കാൻ മാത്രമാണ്. തീരുമാനിച്ചിട്ടുള്ളത്. മറിച്ചുള്ള വാർത്തകളെല്ലാം അടിസ്ഥാനരഹിതമെന്ന് സർവകലാശാല അറിയിച്ചു.

### പ്രാക്ടിക്കൽ

നവംബർ 10 ന് എസ്.ഡി.കോളേജ്, ആലപ്പുഴയിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്.സി. മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 3 നും യൂണിവേഴ്സിറ്റി കോളേജിലെ ബയോകെമിസ്ട്രി പ്രാക്ടിക്കൽ ഡിസംബർ 4 നും നടത്തുന്നതാണ്.

2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എസ്.സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രോഗ്രാമിന്റെ 9, 10 തീയതികളിൽ നടത്താനിരുന്ന ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### ടൈംടേബിൾ

2020 നവംബർ, 2021 ജനുവരി എന്നീ മാസങ്ങളിൽ ആരംഭിക്കുന്ന രണ്ട്, നാല്, ആറ്, എട്ട്, പത്ത് സെമസ്റ്റർ പഞ്ചവത്സര ഐ.എം.ബി.എ ബി.എം-എം.എ.എം. (2015 സ്കീം) (റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ ബി.ടെക്.ഡിഗ്രി (2013 സ്കീം), ഒക്ടോബർ 2020 പരീക്ഷ ഡിസംബർ 18 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സീറ്റ് ഒഴിവ്

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലെ (ഇ.സി., സി.എസ്., ഐ.ടി.) ഒഴിവുള്ള എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള അഡ്മിഷൻ നവംബർ 18, 10.00 മണിക്ക് കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ 9037119776, 9846332974 എന്ന നമ്പറിലും www.ucek.in എന്ന കോളേജ് വെബ്സൈറ്റിലും ലഭ്യമാണ്.

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ഇക്കണോമിക്സ് പഠനവകുപ്പിൽ ഒന്നാം വർഷ എം.എ.ഇക്കണോമിസ്ക് (സി.എസ്.എസ്.) 2020 –22 പ്രോഗ്രാമിൽ എസ്.ടി.വിഭാഗത്തിൽ രണ്ട് സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി നവംബർ 19 ന് രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 – 2308309, 9446361223 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലെ (ഇ.സി., സി.എസ്., ഐ.ടി.) ഒഴിവുള്ള എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള അഡ്മിഷൻ നവംബർ 18 മുതൽ 20 വരെ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ 9037119776, 9846332974 എന്ന നമ്പറിലും www.ucek.in എന്ന കോളേജ് വെബ്സൈറ്റിലും ലഭ്യമാണ്.

## പരീക്ഷാഫലം

2020 ഫെബ്രുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ആർ.സി.ബി.സി.എസ്.എസ്.ബികോം.കൊമേഴ്സ് ആന്റ് ട്രാവൽ ആന്റ് ടൂറിസം ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 26 ന് മുൻപേ അപേക്ഷിക്കുക. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**

17.11.2020

**e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**